# കുടുംബശ്രീ കൺസ്ട്രക്ഷൻ- തൊഴിലുറപ്പ് സംയോജനം കൊല്ലം മോഡൽ

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (എംജിഎൻആർഇജിഎസ്). രാജ്യത്തിലെ ഗ്രാമവാസികളായ ജനങ്ങളിൽ കായികപരമായ തൊഴിൽ ചെയ്യാൻ സന്നദ്ധതയുള്ള പ്രായപൂർത്തിയായവർക്ക് ഒരു വർഷം 100 ദിവസത്തെ തൊഴിൽ ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതി. അവിദഗ്ധ കായിക തൊഴിൽ ആവശ്യപ്പെടുന്ന മുറയ്ക്ക് അത് ഉറപ്പാക്കുന്ന ഈ തൊഴിലുറപ്പ് പദ്ധതിക്ക് മറ്റ് നിരവധി ലക്ഷ്യങ്ങളു മുണ്ട്. ഗുണമേന്മയുള്ളതും സ്ഥായിയായിട്ടുള്ളതുമായ ഉത്പാദന ക്ഷമമായ ആസ്തിക ളുടെ സൃഷ്ടി, ദരിദ്രരുടെ ഉപജീവനവുമായി ബന്ധപ്പെട്ട വിഭവാടിത്തറ ശക്തിപ്പെടു ത്തൽ, വിവിധ വിഭാഗങ്ങളുടെ സാമൂഹിക ഉൾക്കൊള്ളൽ, പഞ്ചായത്തീരാജ് സ്ഥാപന ങ്ങളുടെ ശാക്തീകരണം എന്നിവയെല്ലാം ഈ ലക്ഷ്യങ്ങളിൽ ഉൾപ്പെടും.

2005 സെപ്റ്റംബർ 5ന് പാർലമെന്റ് പാസ്സാക്കിയ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ അടിസ്ഥാനത്തിൽ രൂപം കൊടുത്തിട്ടുള്ള പദ്ധതിയാണ് ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. 2006 ഫെബ്രുവരിയിൽ ഇന്ത്യയിലെ വിവിധ സംസ്ഥാന ങ്ങളിലായി 200 ജില്ലകളിൽ പദ്ധതിക്ക് തുടക്കമിട്ടു. കേരളത്തിൽ വയനാട്, പാലക്കാട് ജില്ലകളിലാണ് പദ്ധതി ആദ്യം ആരംഭിച്ചത്. 2007ൽ ഇടുക്കി, കാസർഗോഡ് ജില്ലകളിലും 2008ൽ ശേഷിച്ച ജില്ലകളിലേക്കും പദ്ധതി വ്യാപിപ്പിച്ചു. സ്ത്രീകൾക്കും പുരുഷന്മാർക്കും തുല്യമായ വേതനമാണ് ലഭിക്കുന്നതെന്നതും മറ്റൊരു പ്രത്യേകത. പരിസ്ഥിതി സംരംക്ഷണം, കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം എന്നീ പ്രവർത്തികൾക്കാണ് തൊഴിലുറപ്പ് പദ്ധതിയിൽ മുന്തിയ പരിഗണന നൽകിയിരിക്കുന്നത്. തൊഴിലാളികൾ തന്നെയാണ് ചെയ്യേണ്ട പ്രവൃത്തികൾ കണ്ടെത്തു ന്നതും അതിന്റെ ആസൂത്രണത്തെ സഹായിക്കുന്നതും. പഞ്ചായത്തിൽ ̈സ്ഥിര താമസ ക്കാരായ ഏതൊരു കുടുംബത്തിനും പേര് രജിസ്ട്രർ ചെയ്യാനാകും. അപേക്ഷിച്ച് 15 ദിവസത്തിനുള്ളിൽ തൊഴിൽ കാർഡ് ലഭിക്കും. ഒരു കുടുംബത്തിന് ഒരു കാർഡാണ് ലഭിക്കുക. 5 വർഷമാണ് കാർഡിന്റെ കാലാവധി. തൊഴിലിന് അപേക്ഷിച്ച് 15 ദിവസത്തിനുള്ളിൽ തൊഴിൽ അനുവദിച്ചു കൊണ്ട് അറിയിപ്പ് ലഭിക്കും. പഞ്ചായത്തിലെ ഏത് വാർഡിലും തൊഴിൽ അനുവദിക്കും.

**സിറ്റിസൺ ഇൻഫൊ ബോർഡുകൾ കുടുംബശ്രീയിലൂടെ**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി മികച്ച സംയോജനം നടത്തി കുടുംബശ്രീ അംഗങ്ങൾക്ക് മെച്ചപ്പെട്ട വരുമാനം നേടാൻ സഹായിക്കുന്ന കൊല്ലം ജില്ലയുടെ പ്രവർത്തനങ്ങളിലൊന്നാണ് സിറ്റിസൺ ഇൻഫൊ ബോർഡുകളുടെ നിർമ്മാണം.

**ആശയത്തിലേക്കെത്തിയ വഴി**

മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി സിറ്റിസൺ ഇൻഫൊ ബോർഡുകൾ സ്ഥാപിക്കുന്നതിന് വിദഗ്ധ പരിശീലനം നേടിയവരുടെ അഭാവമുള്ള തിനാൽ ടെൻഡർ നടപടികളിലൂടെയായിരുന്നു പ്രവർത്തനങ്ങൾ നടത്തിവന്നിരുന്നത്. ഒരു പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ പലതരത്തിലുള്ള വിവരങ്ങൾ രേഖപ്പെടുത്തിയ ബോർഡുകൾ സ്ഥാപിക്കുകയാണ് ഈ പ്രവർത്തനത്തിലൂടെ ചെയ്യേണ്ടത്. ഈ മേഖലയിൽ കുടുംബശ്രീ വനിതാ യൂണിറ്റുകൾക്ക് എന്തുകൊണ്ട് ഇടപെട്ടുകൂടാ എന്ന ചിന്തയിൽ നിന്നാണ് സിറ്റിസൺ ഇൻഫോ ബോർഡുകളുടെ നിർമ്മാണത്തിലേക്ക് കുടുംബശ്രീ വനിതകൾ കടക്കുന്നത്. പല പഞ്ചായത്തുകളിലും ബോർഡുകൾ സ്ഥാപിക്കുന്നത് സ്ഥിരമായി ഒരേ കോൺട്രാക്ടർ തന്നെയായിരിക്കും. ഇങ്ങനെ ഈ മേഖലയിൽ കുത്തക നിലവിൽ വരുന്നതും പതിവായിരുന്നു. ഇതിനെല്ലാം മാറ്റമെന്ന നിലയിലാണ് കുടുംബശ്രീ നിർമ്മാണ സംഘങ്ങൾ ഈ പ്രവർത്തനങ്ങൾ ഏറ്റെടുത്താലെന്താണെന്ന ചിന്ത വന്നത്. പരിശീലനം നേടിയ 29 നിർമ്മാണ സംഘങ്ങൾ കുടുംബശ്രീയുടേതായുള്ളതിനാൽ അവർക്ക് ഒരു വരുമാനം ലഭിക്കുന്ന രീതിയിൽ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിക്കുന്നതിനെക്കുറിച്ച് തീരുമാനം കൈക്കൊണ്ടു.

**പ്രവർത്തനരീതി**

ഇതിന്റെ ആദ്യ പടിയായി ജില്ലയുടെ തൊഴിലുറപ്പ് പദ്ധതി ചുമതലയുള്ള ജോയ്ന്റ് പ്രോഗ്രാം കോർഡിനേറ്ററുമായി (ജെപിസി) ചർച്ചകൾ നടത്തി. അലക്കുകുഴിയിലും മറ്റും കുടുംബശ്രീ നിർമ്മാണ സംഘങ്ങൾ ലൈഫ് പദ്ധതിയുമായി ചേർന്ന് വീടുകൾ നിർമ്മിച്ചതുൾപ്പെടെയുള്ള നേട്ടങ്ങൾ കുടുംബശ്രീ ജില്ലാ മിഷന്റെ ആശയത്തിന് പിന്തുണ ലഭിക്കാനും കാരണമായി. 2019 ലായിരുന്നു ഈ പ്രവർത്തനങ്ങൾ.

ജില്ലയിലെ നിർമ്മാണ സംഘങ്ങളിൽ ഉൾപ്പെടുന്നവരുടെ യോഗം വിളിച്ചു ചേർത്തു. പരിശീലനം ലഭിച്ച 350 പേരും യോഗത്തിനായെത്തി. തൊഴിലുറപ്പ് പദ്ധതി വഴി ബോർഡുകൾ നിർമ്മിക്കുന്നതിനെക്കുറിച്ച് അറിയിച്ചപ്പോൾ ഏവരും തന്നെ താത്പര്യം പ്രകടിപ്പുചച്ചു. ജില്ലയിലെ പഞ്ചായത്ത് അധികൃതരുമായുള്ള യോഗമായിരുന്നു പിന്നീട്. ബ്ലോക്ക് തലത്തിലാണ് യോഗങ്ങൾ സംഘടിപ്പിച്ചത്. 69 ഗ്രാമപഞ്ചായത്തുകളാണ് കൊല്ലം ജില്ലയിലുള്ളത്. ഇതിൽ 51 പഞ്ചായത്തുകൾ ഒഴികെ ശേഷിച്ചവ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണ പ്രവർത്തനത്തിനുള്ള ചുമതല സ്വകാര്യ കോൺട്രാക്ടർമാരെ ഏൽപ്പിച്ചു കഴിഞ്ഞിരുന്നു. അതിനാൽ തന്നെ 51 സിഡിഎസുകളിൽ മാത്രമാണ് ഈ പ്രവർത്തനം കുടുംബശ്രീ ഏറ്റെടുത്തത്. തൊഴിലുറപ്പ് പദ്ധതി പ്രകാരം ചെയ്ത വർക്കുകളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് രണ്ട് തരത്തിലുള്ള ബോർഡുകളാണ് തയാറാക്കേണ്ടത്. പൊതു ആസ്തികളിൽ (റോഡ്, തോട്) സ്ഥാപിക്കുന്നതിനുള്ളതും വ്യക്തിഗത ആസ്തികളിൽ (മഴക്കുഴി) സ്ഥാപിക്കുന്ന തിനുള്ള ബോർഡുകളും. പൊതു ആസ്തി ബോർഡുകൾക്ക് 5000 രൂപയും വ്യക്തിഗത ആസ്തി ബോർഡുകൾക്ക് 3000 രൂപയുമാണ് ലഭിക്കുക.

**തുടക്കം ഇടമുളയ്ക്കലിലെ സഹ്യയിലൂടെ**

ഇടമുളയ്ക്കൽ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. വി. രവീന്ദ്രനാഥിന്റെയും സിഡിഎസ് ചെയർപേഴ്സൺ ടി.എസ്. അംബികയുടെയും മറ്റ് ഉദ്യോഗസ്ഥരുടെയും ഒരുമിച്ചുള്ള പ്രവർത്തനമാണ് തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായുള്ള സിറ്റിസൺ ബോർഡ് നിർമ്മാണത്തിൽ ജില്ലയിൽ ആദ്യമായി മുന്നിട്ടിറങ്ങാൻ ഇടമുളയ്ക്കൽ പഞ്ചായത്തിനെ തുണച്ചത്. ബ്ലോക്ക്തല യോഗത്തിൽ മെമ്പർ സെക്രട്ടറിക്കൊപ്പം പങ്കെടുത്ത ശേഷം പഞ്ചായത്തിലെത്തി പഞ്ചായത്ത് അധികൃതരുമായി സംസാരിച്ചു. പഞ്ചായത്ത് കമ്മറ്റി മീറ്റിങ്ങിൽ ഈ പ്രവർത്തനങ്ങൾ നടത്താൻ കുടുംബശ്രീ സംഘാംഗങ്ങളെ നിയോഗി ക്കാമെന്നും തീരുമാനം കൈക്കൊണ്ടു.

പഞ്ചായത്തിലെ പല വാർഡുകളിലെ പല അയൽക്കൂട്ടങ്ങളിലായുള്ള നിർമ്മാണ പരിശീലനം ലഭിച്ച വനിതകളെ ചേർത്ത് 2019 ഒക്ടോബറിൽ യൂണിറ്റായി രജിസ്ട്രർ ചെയ്തു. ചെമ്പകരാമനല്ലൂരിൽ രജിസ്ട്രർ ചെയ്ത യൂണിറ്റ് സഹ്യ എന്ന പേരിലാണ് രജിസ്ട്രർ ചെയ്തത്. ജയ സജീവൻ പ്രസിഡന്റും പ്രിയലത, സോണിയ, അനിത,

ലീലാമ്മ രാജൻ എന്നിവരായിരുന്നു യൂണിറ്റംഗങ്ങൾ. തൊഴിലുറപ്പ് ജോലിക്കും മറ്റും മാത്രം പോയിരുന്ന ഇവരുടെ യൂണിറ്റിനെ ബോർഡ് നിർമ്മാണം ഏൽപ്പിക്കുകയായിരുന്നു. പാൻ കാർഡും ജിഎസ്ടി രജിസ്ട്രേഷനും യൂണിറ്റ് നടത്തി.

ശേഷിച്ച 50 പഞ്ചായത്തുകളിൽ നിർമ്മാണ ഗ്രൂപ്പുകളില്ലാത്തിടത്ത് അവ രൂപീകരിച്ചു. 5 മുതൽ 7 വരെ അംഗങ്ങളുൾപ്പെടുന്ന യൂണിറ്റുകളാണ് രൂപീകരിച്ചത്. ഇവർക്ക് പരിശീലനവും നൽകി. ഇടമുളയ്ക്കൽ സിഡിഎസിന്റെ നേതൃത്വത്തിൽ പരിശീലനത്തിനായുള്ള കോഴ്സ് മെറ്റീരിയൽ ഉൾപ്പെടെ തയാറാക്കി നൽകി. നിർമ്മാണ സംഘങ്ങൾക്ക് സിറ്റിസൺ ഇൻഫൊ ബോർഡിന്റെ നിർമ്മാണത്തിന് 1 ദിവസത്തെ പരിശീലനമാണ് നൽകിയത്. പുതുതായി രൂപീകരിച്ച, പരിശീലനം ലഭിക്കാത്ത യൂണിറ്റുകൾക്ക് നിർമ്മാണ പരിശീലനവും നൽകി.

ഇടമുളയ്ക്കലിലെ സഹ്യ യൂണിറ്റിന് 50,000 രൂപ കുടുംബശ്രീ സിഡിഎസ് ഫണ്ടായും 2 ലക്ഷം രൂപ വായ്പ്പയായും നൽകി. ഇത് കൊണ്ട് ബോർഡ് നിർമ്മാണത്തിന് ആവശ്യമുള്ള അടിസ്ഥാന സൗകര്യങ്ങൾ പ്രിയലതയുടെ വീട്ടിൽ ഒരുക്കി. യൂണിഫോമും തയാറാക്കി. ബോർഡിന്റെ നിർമ്മാണം വളരെ വേഗം പഠിച്ചെടുത്തു. ബോർഡ് നിർമ്മാണത്തിനുള്ള അസംസ്കൃത വസ്തുക്കൾ ആദ്യമായി വാങ്ങിയതും ഈ തുക ഉപയോഗപ്പെടുത്തിയതാണ്.

മെറ്റൽ, പാറപ്പൊടി, സിമന്റ്, നെറ്റ് കമ്പി, സാധാരണ കമ്പി, വൈറ്റ് സിമന്റ് എന്നിവയാണ് നിർമ്മാണത്തിനായി പ്രധാനമായും വേണ്ടത്. 1 ചാക്ക് സിമന്റ് 14 കൊട്ട പാറപ്പൊടി 15 കൊട്ട ചിപ്സ് എന്നിവ ചേർത്താണ് കോൺക്രീറ്റ് മിശ്രിതം തയാറാക്കുന്നത്. ബോർഡിന്റെ ഫ്രെയിം തയാറാക്കിയതിൽ ഇതൊഴിച്ച് വാർത്തെടുക്കുന്നു.

മികച്ച സൗകര്യമില്ലാത്തതിനാൽ തന്നെ പ്രിയലതയുടെ വാർക്ക വീടിന് മുകളിലെ ടെറസിൽ വച്ചാണ് ബോർഡുകൾ തയാറാക്കുന്നത്. മുകളിലേക്ക് കയറാൻ പടികളില്ലാത്തതിനാൽ അയൽപക്കത്തെ വീട്ട് മുറ്റത്ത് നിന്ന് ചരിച്ചുവച്ച തടി ഗോവണിയിലൂടെ വളരെ പ്രയാസപ്പെട്ടാണ് സിമന്റും മെറ്റലും ഉൾപ്പെടെയുള്ള അസംസ്കൃത വസ്തുക്കൾ വീടിന് മുകളിലേക്ക് എത്തിക്കുന്നതും. ബോർഡ് ഉറച്ച് കഴിഞ്ഞ ശേഷം ഏറെപണിപ്പെട്ട് ഇത് കെട്ടി താഴെ ഇറക്കുന്നു. പിന്നീട് വണ്ടി വിളിച്ച് അതിൽ കയറ്റി പറയുന്ന

ഇടങ്ങളിൽ എത്തിച്ച് നൽകുന്നതും അഞ്ചു പേരും ചേർന്നാണ്.

**വരുമാനം**

ഒരു ബോർഡ് തയാറാക്കി, പെയിന്റ് ചെയ്ത് വിവരങ്ങൾ എഴുതി അതാത് വാർഡുകളിൽ എത്തിച്ച് നൽകുമ്പോൾ 3000 രൂപയാണ് പ്രതിഫലമായി ലഭിക്കുന്നത്. ഒരു ദിവസം 30 ബോർഡുകൾ തയാറാക്കാൻ ഇവർക്ക് കഴിയും. ആകെ 1500 രൂപയാണ് ചെലവ്, ഒരു ബോർഡിന് 1500 രൂപ ലാഭം ലഭിക്കുന്നു. ഇതുവരെ 51 ബോർഡുകൾ തയാറാക്കി നിശ്ചിത ഇടങ്ങളിൽ എത്തിച്ചു കൊടുത്തു കഴിഞ്ഞു. 350 ബോർഡുകൾ തയാറാക്കി വച്ചിട്ടുമുണ്ട്. ബോർഡിന്റെ പണിയുള്ളപ്പോൾ രാവിലെ 9 മുതൽ വൈകുന്നേരം 5 വരെ ഇവർ ജോലി ചെയ്യുന്നു. അല്ലാത്ത സമയത്ത് തൊഴിലുറപ്പ് ജോലികളും ചെയ്യുന്നു. നിർമ്മാണ പരിശീലനം ലഭിച്ചതിനാൽ തന്നെ സ്വന്തം വീടിലെയും മറ്റും ചില അറ്റകുറ്റപ്പണികളും ഇവർ തന്നെയാണ് ചെയ്യുന്നത്.

**ഭാവി**

പ്രിയലതയുടെ വീടിനോട് ചേർന്ന് വർക്ക് ഷെഡ് തയാറാക്കുക. തൊഴിലുറപ്പുമായി ബന്ധപ്പെട്ട കൂടുതൽ വർക്കുകൾ ചെയ്യുക എന്നീ ലക്ഷ്യങ്ങളാണ് സഹ്യ ടീമിന് ഇപ്പോഴുള്ളത്. നിർമ്മാണ മേഖലയിൽ രണ്ട് ഘട്ട പരിശീലനം നേടിയ ടീമാണ് ഇവർ. അതിനാൽ തന്നെ കെട്ടിട നിർമ്മാണവും ഒപ്പം തന്നെ തൊഴിലുറപ്പിന്റെ മറ്റ് നിർമ്മാണ പ്രവർത്തനങ്ങളും ഏറ്റെടുത്ത് ചെയ്യാനും ലക്ഷ്യമിടുന്നു.